# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4082 24.08.2017 ൽ മറുപടിയ്ക്ക്

## വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപന്നങ്ങൾ ഇവയുടെ വിൽപന തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഓണക്കാലത്ത് വ്യാജമദ്യവും മയക്കുമരുന്നും നിരോധിത പുകയില ഉൽപന്നങ്ങളുടെയും വിൽപന തടയുന്നതിന് എക്സൈസും പോലീസും സംയുക്ത തെരച്ചിലും നിരീക്ഷണവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഓണക്കാലത്ത് വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും വ്യാപനം തടയുന്നതിന് ആഗസ്റ്റ് 10-ാം തീയതി മുതൽ സെപ്റ്റംബർ 10-ാം തീയതി വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ച് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്. ഈ കാലയളവിൽ പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | പ്രാദേശിക ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, പൊതുപ്രവർത്തകർ തുടങ്ങിയവരുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും വ്യജമദ്യ-മയക്കുമരുന്നു സംഘങ്ങളെ കണ്ടെത്തുന്നതിനും അവയുടെ വിൽപ്പന തടയുന്നതിനും ജനകീയ ഇടപെടൽ നടത്തുമോ; | (ബി) | എക്സൈസ് വകുപ്പിന്റെ ആഭ്യമുഖ്യത്തിൽ നടത്തി വരുന്ന ജില്ലാ, നിയോജക മണ്ഡലം, തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലുള്ള ജനകീയ കമ്മറ്റികൾ യോഗം ചേർന്നും പ്രാദേശിക ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, പൊതുപ്രവർത്തകർ തുടങ്ങിയവരുമായി നേരിട്ട് ബന്ധപ്പെട്ടും വ്യാജമദ്യ-മയക്കുമരുന്ന് സംഘങ്ങളെ സംബന്ധിച്ച വിവരശേഖരണത്തിനും ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും വ്യാജമദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വിപണനം തടയുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആൾത്താമസമില്ലാത്ത വീടുകളിലും പുരയിടങ്ങളിലും | (സി) | ആൾത്താമസമില്ലാത്ത വീടുകളിലും പുരയിടങ്ങളിലും പൊതു, സ്വകാര്യസ്ഥാപനങ്ങളിലും അനധികൃതമായി കടന്നുകയറി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്ന |

| | |
|---|---|
| പൊതു,സ്വകാര്യസ്ഥാപനങ്ങളിലും അനധികൃതമായി കടന്നുകയറി മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവർക്കെതിരെ ഭവന ഭേദനത്തിനടക്കം കേസ്സുകൾ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | വർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഭവനഭേദനത്തിന് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എക്സൈസ് വകുപ്പിന് അധികാരമില്ലാത്ത താണ്. എന്നാൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് വകുപ്പിന് വിവരം കൈമാറി തുടർനടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**